## ധനവകുപ്പ് അനുവദിച്ചിട്ടുള്ള സാമ്പത്തിക സഹായം

3 (*153) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി സപ്ലൈകോയ്ക്കും കൺസ്യൂമർ ഫെഡിനും വിപണിയിടപെടലിന് എത്രമാത്രം സാമ്പത്തിക സഹായം നൽകുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) സബ്സിഡി ഇനത്തിൽ കഴിഞ്ഞ രണ്ട് വർഷങ്ങളിൽ എന്തു തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഭക്ഷ്യ സബ്സിഡി അനുവദിക്കുന്നതിന് കേന്ദ്രത്തിൽ നിന്നും സഹായം ലഭിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കേന്ദ്രത്തിൽനിന്ന് സഹായം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ഡി) നെല്ല് സംഭരണത്തിന് താങ്ങുവില നൽകുന്നതിനായി കഴിഞ്ഞ വർഷം എന്ത് തുക അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ഇ) രണ്ട് രൂപ നിരക്കിൽ വിവിധ വിഭാഗങ്ങൾക്ക് അരിയും ഗോതമ്പും വിതരണം ചെയ്യുന്നതിനായി ധനവകുപ്പ് എന്തുതുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ,

(എ) പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിപണിയിടപെടലിന് ഈ സാമ്പത്തിക വർഷം കൺസ്യൂമർ ഫെഡിന് 15 കോടി രൂപയും, സപ്ലൈകോയ്ക്ക് 74.31 കോടി രൂപയും സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

(ബി) 2008-09 സാമ്പത്തിക വർഷത്തിൽ കൺസ്യൂമർ ഫെഡിന് 11 കോടി രൂപയും, സപ്ലൈകോയ്ക്ക് 105 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 2009-10 സാമ്പത്തിക വർഷത്തിൽ കൺസ്യൂമർ ഫെഡിന് 20 കോടി രൂപയും സപ്ലൈകോയ്ക്ക് 83 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാർ അനുവദിക്കുന്ന ഭക്ഷ്യ ധാന്യങ്ങൾക്ക് സംസ്ഥാന സർക്കാർ സബ്സിഡി നൽകിയാണ് 2 രൂപ നിരക്കിൽ വിതരണം ചെയ്യുന്നത്. ഈ സബ്സിഡി നൽകുന്നതിന് കേന്ദ്രത്തിൽ നിന്നും സഹായം ലഭിക്കുന്നില്ല. കേന്ദ്രത്തിൽ നിന്നും സഹായം ലഭിക്കുന്നതിനാവശ്യമായ സാദ്ധ്യതകൾ പരിശോധിക്കുന്നതാണ്.

(ഡി) നെല്ലുസംഭരണത്തിന് താങ്ങുവില നൽകുന്നതിനായി സബ്സിഡി ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം 64 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) രണ്ട് രൂപ നിരക്കിൽ വിവിധ വിഭാഗങ്ങൾക്ക് അരിയും ഗോതമ്പും വിതരണം ചെയ്യുന്നതിനായി നടപ്പ് സാമ്പത്തികവർഷം ധനകാര്യ വകുപ്പ് നാളിതുവരെ 245 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ശ്രീ. ജോർജ് എം തോമസ് : സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൺസ്യൂമർ ഫെഡറേഷൻ വിപണി ഇടപെടലിനുവേണ്ടി എത്ര രൂപയാണ് അനുവദിച്ചതെന്നും ഈ ഗവൺമെന്റ് വന്നതിനുശേഷം എത്ര രൂപയാണ് അനുവദിച്ചതെന്നും വ്യക്തമാക്കുമോ ?

ഡോ. തോമസ് ഐസക് : സർ, 2001-02 മുതൽ 2005-06 വരെ കൺസ്യൂമർ ഫെഡിന് സബ്സിഡിയിനത്തിൽ പണം ഒന്നും അനുവദിച്ചിട്ടില്ല. എന്നാൽ ഈ സർക്കാർ വന്നതിനുശേഷം ഇതുവരെ 62.7 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ശ്രീ. ജോർജ് എം. തോമസ് : സർ, കേന്ദ്ര ഗവൺമെന്റ് പഞ്ചസാരയുടെയും ഉപ്പിന്റെയും ഉൾപ്പെടെയുള്ള കടത്തുകൂലി വർദ്ധിപ്പിച്ചതിനെ തുടർന്ന് കേരളത്തിൽ ഇനിയും വിലക്കയറ്റം ഉണ്ടാകാൻ പോകുകയാണ്. ഇതിന് ആനുപാതികമായി മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി കൂടുതൽ പണം ധനകാര്യ വകുപ്പ് വകയിരുത്തിയിട്ടുണ്ടോ ?

ഡോ. തോമസ് ഐസക് : സർ, വിലക്കയറ്റത്തിന്റെ പശ്ചാത്തലത്തിൽ കൂടുതൽ ഫലപ്രദമായി എങ്ങനെ മാർക്കറ്റിനെ ഇന്റർവീൻ ചെയ്യാം എന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ട്. നിശ്ചയമായിട്ടും നടപടികൾ സ്വീകരിക്കും.

ശ്രീ. സി. കെ. പി. പത്മനാഭൻ : സർ, കേരളത്തിലെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനുവേണ്ടി ധനകാര്യ വകുപ്പ് വമ്പിച്ച സഹായങ്ങളാണ് നൽകിക്കൊണ്ടിരിക്കുന്നത്. ഇല്ലെങ്കിൽ കേരളത്തിന്റെ സ്ഥിതി ഗുരുതരമാകും. പക്ഷേ വില വർദ്ധിക്കുന്നതിന് കേന്ദ്ര നയമാണ് പ്രധാനപ്പെട്ട കാരണം. 75 രാഷ്ട്രത്തലവന്മാർ/ഭക്ഷ്യ സുരക്ഷാ തലവന്മാർ സമ്മേളിച്ചപ്പോൾ ഇന്ത്യ സ്വീകരിക്കുന്ന അവധി വ്യാപാരമാണ് വിലക്കയറ്റത്തിന് പ്രധാനപ്പെട്ട കാരണം എന്ന് പറഞ്ഞിട്ടുണ്ട്. അത് നിൽക്കുന്നിടത്തോളം കാലം നമ്മൾ കടലിൽ ഉപ്പ് കലക്കുന്നതുപോലെ മാത്രമേ ഈ സഹായങ്ങൾ വരുന്നുള്ളൂ. ഇതിനെ പ്രതിരോധിക്കാൻ എന്ത് നടപടിയാണ് നമുക്ക് സ്വീകരിക്കാൻ കഴിയുന്നത് എന്ന് ആലോചിക്കണം. പണം മാത്രം കൊടുത്തതുകൊണ്ട് കാര്യമില്ല. നയത്തെ പ്രതിരോധിക്കാനുള്ള നയം എങ്ങനെ ഉണ്ടാക്കാൻ കഴിയുമെന്ന് നമുക്ക് ആലോചിക്കേണ്ടതുണ്ട്.

ഡോ തോമസ് ഐസക് : സർ, ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചതിനെ സാധൂകരിച്ച് കണക്കുകൾ നൽകിയിട്ടുണ്ട്. 2004-05-നെ അപേക്ഷിച്ച് 2009-10-ൽ ഭക്ഷ്യധാന്യങ്ങളുടെ ഉൽപ്പാദനം 19.9 കോടിയിൽ നിന്നും 22.1 കോടിയായി ഉയർന്നിട്ടുണ്ട്. അതുപോലെ തന്നെ ഉള്ളി/സവാളയുടെ ഉൽപ്പാദനം 50 ലക്ഷം ടണ്ണിൽ നിന്നും 100 ലക്ഷം ടണ്ണായി ഉയർന്നിട്ടുണ്ട്. ഉൽപ്പാദനം വർദ്ധിച്ചിട്ടും വിലകൾ ഇങ്ങനെ കയറണമെങ്കിൽ അതിന് എന്താണ് കാരണം ? ഇത്

LIBRARY ARCHIVES Kerala Legislative Assembly

നമ്മൾ ഗൗരവമായിട്ട് ആലോചിക്കേണ്ട കാര്യമാണ് ഒരു കാരണം, കൂടുതൽ ആൾക്കാർ ആവശ്യപ്പെടുന്നതുകൊണ്ടാകാം. പക്ഷേ അതിലുപരി വരുമാനം വർദ്ധിക്കുമ്പോൾ സാധാരണ കൂടുതൽ തിന്നണമെന്നില്ല. അതുകൊണ്ട് യഥാർത്ഥത്തിൽ ഇത് പൂഴ്ത്തിവെയ്പ്പിന്റെ ഫലമാണ്; total failure on administration.

ശ്രീ. എം. കെ. പുരുഷോത്തമൻ: സർ, നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഡോ. തോമസ് ഐസക്: സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 14 കോടി രൂപയായിരുന്നു പ്രതിവർഷം നെല്ല് സംഭരണത്തിനുവേണ്ടി സബ്സിഡി നൽകിയത്. ഇതിപ്പോൾ പ്രതിവർഷം ശരാശരി 45 കോടിയായി ഉയർന്നിട്ടുണ്ട്. ഇപ്പോൾ 13 രൂപയാണ് സബ്സിഡി വിലയായി നിശ്ചയിച്ചിട്ടുള്ളത്. ഈ സർക്കാർ നിലവിൽ വരുമ്പോൾ 7 രൂപയായിരുന്നു. അത് 14 രൂപയായി വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. പി. കുഞ്ഞുണ്ണി: സർ, ഒരു കൺസ്യൂമർ സ്റ്റേറ്റായിട്ടുള്ള കേരളത്തിൽ വിലക്കയറ്റം കൊണ്ടും മറ്റു ജീവിതപ്രയാസങ്ങൾ കൊണ്ടും ദുരിതമനുഭവിക്കുന്ന ജനങ്ങൾക്ക് അല്പമെങ്കിലും ആശ്വാസം പകരുന്നത് സർക്കാർ നൽകിവരുന്ന വിവിധ സബ്സിഡികളും മറ്റ് ക്ഷേമപദ്ധതികളുമാണ്. ക്ഷേമപദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാൻവേണ്ടി മുൻ സർക്കാരിന്റെ കാലത്ത് നൽകിയ സംഖ്യയും ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ ചെലവഴിച്ച സംഖ്യയും എത്രയാണെന്ന് വിശദമാക്കാൻ കഴിയുമോ?

ഡോ തോമസ് ഐസക്: സർ, ഓരോ വർഷത്തെ ശരാശരി പറയാം. അല്ലെങ്കിൽ ഇപ്പോൾ കണക്കുകൂട്ടി പറയേണ്ടിവരും. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 35 കോടി രൂപയായിരുന്നു ശരാശരി ഒരു വർഷം ചെലവഴിച്ചിരുന്നതെങ്കിൽ ഇപ്പോൾ 171 കോടി രൂപയാണ് ചെലവഴിക്കുന്നത്.

ശ്രീ. കെ. സി. ജോസഫ്: സർ, ഇവിടെ ഗവൺമെന്റിൽ നിന്നും സഹായം ലഭിക്കുന്ന സിവിൽ സപ്ലൈസ് കോർപ്പറേഷൻ 25 രൂപയ്ക്ക് പഞ്ചസാര വിൽക്കുമ്പോൾ സഹായം ലഭിക്കാത്ത സഹകരണ വകുപ്പിന്റെ ഡിപ്പോകളിൽ 20 രൂപയ്ക്ക് പഞ്ചസാര വിൽക്കുന്നുവെന്നും ആ വില വർദ്ധിപ്പിക്കാൻവേണ്ടി സഹകരണ വകുപ്പിന്റെ സ്റ്റോറുകളോട് സർക്കാർ ആവശ്യപ്പെടുമെന്നും വാർത്ത വന്നിട്ടുണ്ട്. പഞ്ചസാര വില കൂട്ടാൻ പാടില്ലായെന്ന് മന്ത്രി ശ്രീ. ജി. സുധാകരൻ പറഞ്ഞതായി ഇന്ന് മലയാള മനോരമ ദിനപത്രം റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഗവൺമെന്റിൽ നിന്നും സഹായം വാങ്ങിക്കുന്ന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഡിപ്പോകളിൽ വില കൂട്ടി വിൽക്കുകയും സഹായം ലഭിക്കാത്ത സഹകരണ വകുപ്പ് വില കുറച്ചു വിൽക്കുകയും ചെയ്യുന്നതിലെ അനോമലി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കാര്യത്തിൽ എല്ലായിടത്തെയും വില ഏകീകരിക്കുന്നതിന് പകരം വില വർദ്ധിപ്പിക്കാൻ കോർപ്പറേഷനുകളുടെ ഡിപ്പോകളോട് എന്തെങ്കിലും നിർദ്ദേശം ധനകാര്യവകുപ്പ് കൊടുത്തിട്ടുണ്ടോ?



LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക് : സർ, ധനകാര്യവകുപ്പിന് എല്ലാ സ്ഥാപനങ്ങൾക്കും ഒരേ നിലയിലുള്ള സബ്സിഡി നൽകാനേ പറ്റൂ. എന്നാൽ സിവിൽ സപ്ലൈസ് കോർപ്പറേഷനെ സംബന്ധിച്ചിടത്തോളം സർക്കാർ സബ്സിഡി നൽകുന്നതല്ലാതെ അവർക്ക് വേറെ വരുമാനം ഉണ്ടാകില്ല. അതേസമയത്ത് സഹകരണ മേഖലയ്ക്ക് അവരുടെ സ്വന്തം വരുമാനത്തിൽ നിന്നും വേണമെങ്കിൽ ഒരു ഗുഡ്വിൽ ആയി ജനങ്ങൾക്ക് കൂടുതൽ സബ്സിഡി നൽകുന്നതിന് കഴിയും. ഇതിന്റെ ഫലമായിട്ടാണ് ഈ വില വ്യത്യാസം വന്നിട്ടുള്ളത്. എന്നാൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അതിന്റെ അനൗചിത്യം മനസ്സിലാക്കി കൊണ്ട് സർക്കാർ തലത്തിൽ ആലോചിച്ച് അതെങ്ങനെ പരിഹരിക്കാം എന്നതിനെക്കുറിച്ച് തീരുമാനമെടുക്കുന്നതാണ്.

ശ്രീ. എം. ഹംസ : സർ, ന്യൂ ഇക്കണോമിക് പോളിസിയുടെ കാലഘട്ടം വിലക്കയറ്റത്തിന്റെയും ഭക്ഷ്യ പ്രതിസന്ധിയുടെയും കാലഘട്ടമായി മാറുകയാണ്. ഈ സന്ദർഭത്തിൽ കൺസ്യൂമർ സ്റ്റേറ്റായ കേരളത്തിൽ വിലനിലവാരം പിടിച്ചു നിർത്താൻ അങ്ങ് കാണിച്ച, ഈ ഗവൺമെന്റ് കാണിച്ച മാജിക്കിനെ കേരളത്തിലെ ജനങ്ങൾ അഭിമാനത്തോടുകൂടിയാണ് കാണുന്നത്. കേരള സംസ്ഥാനത്ത് ഓരോ കൊല്ലവും ശരാശരി 171 കോടി രൂപ വിലനിലവാരം പിടിച്ചുനിർത്തുന്നതിനുവേണ്ടി. ചെലവഴിക്കുന്നു എന്ന് അങ്ങ് പറഞ്ഞു. എന്നാൽ നമ്മുടെ വരുമാനത്തിലുണ്ടാകുന്ന വർദ്ധനവിന്റെ തോത് അനുസരിച്ച് മാർക്കറ്റിൽ ഇടപെടാൻ നിശ്ചിത തുക നിശ്ചയമായും നീക്കിവയ്ക്കുമെന്ന് ഉറപ്പുവരുത്താനുള്ള നിർബന്ധമായ ഒരു നിലപാട് കേരള സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ ; വരുമാനത്തിന്റെ പരിധി വർദ്ധിക്കുന്നതിനനുസരിച്ച് മാർക്കറ്റിൽ ഇടപെടാനുള്ള തുകയും വർദ്ധിപ്പിച്ചുകൊണ്ട് ഒരു നിശ്ചിത ശതമാനം തുക ഉറപ്പുവരുത്താനുള്ള സംവിധാനം ഏർപ്പെടുത്തി കേരളത്തിലെ ജനങ്ങളെ രക്ഷിക്കുമോ ?

ഡോ. തോമസ് ഐസക് : സർ, ഇപ്പോഴത്തെ സബ്സിഡി വർദ്ധനവ് നോക്കിക്കഴിഞ്ഞാൽ സംസ്ഥാന സർക്കാരിന്റെ വരുമാനത്തിലുണ്ടായിരിക്കുന്ന വർദ്ധനവിനെക്കാൾ വേഗതയിൽ നമ്മുടെ സബ്സിഡി വർദ്ധിച്ചിട്ടുണ്ട്. പക്ഷേ ഒരു നിശ്ചിത ശതമാനം തുക സബ്സിഡിക്കുവേണ്ടി എന്ന് പറഞ്ഞ് തീരുമാനിക്കാൻ കഴിയില്ല. സർക്കാരിന്റെ ചെലവിനങ്ങളുമൊക്കെ കണക്കിലെടുത്തു കൊണ്ടുവേണം തീരുമാനിക്കാൻ. എങ്കിലും ഒരു യാഥാർത്ഥ്യം നിലനിൽക്കുന്നു. സംസ്ഥാന വരുമാന ചെലവിൽ സബ്സിഡിയുടെ ശതമാനം ഗണ്യമായി ഈ സർക്കാരിന്റെ കാലത്ത് ഉയർന്നിട്ടുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, വില നിയന്ത്രിക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷനും കൺസ്യൂമർ ഫെഡറേഷനും ഗവൺമെന്റ് അനുവദിച്ച തുകയുടെ കണക്ക് അങ്ങ് പറഞ്ഞു. എത്ര രൂപ ഇതുവരെ കൊടുത്തിട്ടുണ്ടെന്നും വില നിയന്ത്രിക്കുന്നതിന് ഗവൺമെന്റ് അനുവദിച്ച തുകയിൽ എത്ര രൂപ കുടിശ്ശികയായി കൺസ്യൂമർ ഫെഡറേഷനും കോർപ്പറേഷനും കൊടുത്തിട്ടുണ്ടെന്നും പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക് : സർ, സിവിൽ സപ്ലൈസ് കോർപ്പറേഷന് കുടിശ്ശികയായി ഒന്നും നിൽക്കുന്നില്ല. എന്നാൽ കൺസ്യൂമർ ഫെഡിന് കുടിശ്ശികയുണ്ട്. കൃത്യമായിട്ടുള്ള കണക്ക് എനിക്ക് പറയാൻ കഴിയില്ല. പക്ഷേ പ്രശ്നം എന്താണെന്ന് വച്ചാൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് ആവശ്യമായിട്ടുള്ള സബ്സിഡിയെക്കാൾ കൂടുതൽ തുക കൺസ്യൂമർ ഫെഡിന് ചില സീസണുകളിൽ വരുന്നു. അതിന്റെ അടിസ്ഥാനത്തിൽ എത്ര വിറ്റു, എത്ര വാങ്ങി, അതിന്റെ വിടവെന്ത് എന്ന് കൃത്യമായി പറയണമെങ്കിൽ കണക്കുകൾ ഓഡിറ്റ് ചെയ്യണം. എന്നാൽ അതിന്റെ പരിശോധന തീർന്നിട്ടില്ല. അതുകൊണ്ട് അഡ്വാൻസ് എന്ന നിലയിലാണ് കൺസ്യൂമർ ഫെഡിന് 62 കോടി രൂപ നൽകിയിട്ടുള്ളത്. ഇപ്പോൾ വന്നുകൊണ്ടിരിക്കുന്ന കാലതാമസത്തിന്റെ പശ്ചാത്തലത്തിൽ ചീഫ് സെക്രട്ടറിയോട് ഇത് പരിശോധിച്ച് തീർപ്പുണ്ടാക്കുന്നതിന് ക്യാബിനറ്റ് ആവശ്യപ്പെട്ടിരിക്കുകയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, കണക്ക് പരിശോധിച്ചില്ലായെന്ന് പറയുന്നത് ഞാൻ വിശ്വസിക്കുകയാണ്. പക്ഷേ എത്രയോ പ്രാവശ്യം സഹകരണ വകുപ്പുമന്ത്രി തന്നെ ആവശ്യപ്പെട്ടുവെന്നാണ് അവിടത്തെ സംഘടനക്കാർ പറഞ്ഞിരിക്കുന്നത്. കൺസ്യൂമർ ഫെഡറേഷന്റെ പ്രവർത്തനം മുമ്പോട്ട് കൊണ്ടുപോകാൻ സാധിക്കാത്ത വിധത്തിൽ വളരെയേറെ തുക ഇന്ന് കുടിശ്ശികയായി ഗവൺമെന്റിന്റെ കമ്മിറ്റഡ് സബ്സിഡിയായി നിലനിൽക്കുന്നുണ്ട്. അല്ലാതെ അവർ അനാവശ്യമായി ആവശ്യപ്പെടുന്നതല്ല. ഗവൺമെന്റ് പറഞ്ഞത് അനുസരിച്ച് വില കുറച്ചുകൊടുത്തതിന്റെ പേരിൽ കിട്ടാനുള്ള തുക കൊടുക്കാതിരിക്കുന്നു. അതിന്റെ പേരിൽ ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തെ പോലും ബാധിക്കുന്ന സ്ഥിതിയിലേയ്ക്ക് എത്തിയിരിക്കുന്നു. ഇത് അങ്ങ് അറിഞ്ഞില്ലെന്ന് പറഞ്ഞാൽ ഞങ്ങൾ എന്ത് ചെയ്യും ?

ഡോ തോമസ് ഐസക് : സർ, ഓരോ ഇനത്തിനും ഇത്ര രൂപവച്ച് സബ്സിഡി നൽകുമെന്നാണ് സർക്കാർ തീരുമാനിക്കുന്നത്. എത്ര വാങ്ങി ; എന്തു വിലയ്ക്കു വാങ്ങി ; എന്തു വിലയ്ക്ക് വിറ്റു ; ഇതിനൊക്കെ കണക്ക് വേണ്ടേ ? ആ കണക്ക് ഓഡിറ്റ് ചെയ്യേണ്ടിവരും. ലാ ഡിപ്പാർട്ടുമെന്റ് ഇത്ര ചെലവ് വന്നു എന്ന് പറയുന്നതിന്റെയടിസ്ഥാനത്തിൽ ധനകാര്യ വകുപ്പ് പണം കൊടുക്കില്ല. ആഡിറ്റിൽ ചില തർക്കങ്ങളൊക്കെയുണ്ട്. ആ തർക്കം പരിഹരിച്ച് കൺസ്യൂമറിന്റെ പ്രയാസം കുറയ്ക്കാൻ കഴിയണം. അതുകൊണ്ട് ഇക്കാര്യം സമഗ്രമായി പരിശോധിച്ച് തീരുമാനമുണ്ടാക്കാൻ ചീഫ് സെക്രട്ടറിയോട് പറഞ്ഞിരിക്കുകയാണ്.

ശ്രീ ആനത്തലവട്ടം ആനന്ദൻ : സർ, വില നിലവാരം ഉയരാതെ പിടിച്ചു നിർത്താനാണ് പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്താൻ ഗവൺമെന്റ് നടപടികൾ സ്വീകരിച്ചത്. എന്നാൽ വിലനിലവാരം ഉയരത്തക്ക വിധത്തിലാണ് കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ നടപടികൾ സ്വീകരിച്ചുവരുന്നത്. ഉള്ളിക്ക് ഡൽഹിയിൽ 100 രൂപ വിലയെന്നാണ് വാർത്ത. വില ഉയരാൻ കാരണം കൃഷിക്കാർ പറയുന്നത് വിത്തിന്റെ വില 300 ശതമാനം വർദ്ധിപ്പിച്ചതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഉള്ളിറിത്ത് ഇപ്പോൾ ബഹുരാഷ്ട്ര കോർപ്പറേഷൻ കമ്പനികളാണ് സപ്ലൈ ചെയ്യുന്നത്. കേന്ദ്ര ഗവൺമെന്റ് ഇത്തരം നയം സ്വീകരിക്കുന്നതിന്റെ ഫലമായി വില കൂടിയാൽ എങ്ങനെയാണ് പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തി കൊണ്ട് കേരളത്തിന് വിലക്കയറ്റം തടയാൻ സാധിക്കുക ? പെട്രോളിന്റേയും ഡീസലിന്റേയും വില വർദ്ധിപ്പിച്ചതിന്റെ ഫലമായി വിലക്കയറ്റം കൂടി. റെയിൽവേ ചരക്കുകൂലിയും വർദ്ധിപ്പിക്കുകയാണ്. അതും കൂടി വർദ്ധിപ്പിച്ചാൽ ഇനിയും ഭീമമായ വിലവർദ്ധനവാണ് ഉണ്ടാകാൻ പോകുന്നത്. അതിനെ എങ്ങനെ നേരിടാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത് ?

ഡോ. തോമസ് ഐസക് : സർ, സംസ്ഥാനത്തിന് തനിച്ച് വിലവർദ്ധനവിനെ തടയാൻ കഴിയില്ല. ജനങ്ങൾക്ക് എന്തെങ്കിലും സമാശ്വാസം നൽകാനേ കഴിയൂ. യഥാർത്ഥത്തിൽ വിലക്കയറ്റത്തിന്റെ ഫലമായി സംസ്ഥാന സർക്കാരിന്റെ ഭരണ ചെലവ് നമ്മെ അത്ഭുതപ്പെടുത്തുന്ന നിലയിൽ ഉയർന്നുകൊണ്ടിരിക്കുകയാണ്. ഉദാഹരണത്തിന് സംസ്ഥാന ജീവനക്കാർക്ക് ഒരു ഗഡു ഡി.എ. കൂടിശ്ശിക കൊടുക്കാനുണ്ട്. അത് കൊടുക്കാൻ ഒരു മാസം 70 കോടി രൂപ വേണം. ഇതാണ് സംസ്ഥാന സർക്കാരിന്റെ ചെലവിൽ വിലക്കയറ്റം ഉണ്ടാക്കാൻ പോകുന്ന പ്രത്യാഘാതം എന്നുപറയുന്നത്. ആ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടാണ് സംസ്ഥാന സർക്കാർ പരിമിതമായിട്ടുള്ള ചില നടപടികൾ സ്വീകരിക്കുന്നത്. അത് ജനങ്ങൾക്ക് വലിയ സമാശ്വാസം നൽകിയിട്ടുണ്ടുതാനും. കേന്ദ്രസർക്കാരിന് വിലക്കയറ്റത്തിന് ആധാരമായിട്ടുള്ള ചില കാര്യങ്ങളിലെങ്കിലും മാറ്റം വരുത്താനാവും. ഒന്ന്, വിത്ത് നയം ; രണ്ട്, എഫ്.സി.ഐ. ഗോഡൗൺതന്നെ വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നതിനെതിരെ ഫലപ്രദമായി നടപടി സ്വീകരിക്കാം. മൂന്ന്, കൂടുതൽ ഇറക്കുമതി ചെയ്യാം.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, മരുന്നിന്റെ വില ഗണ്യമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ നീതി മെഡിക്കൽ സ്റ്റോറുകൾ നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നുണ്ട്. നീതി മെഡിക്കൽ സ്റ്റോറുകൾക്ക് ഗവൺമെന്റ് എന്ത് സഹായമാണ് നൽകി വരുന്നത് ; കൂടുതൽ സഹായം ലഭ്യമാക്കി നീതി മെഡിക്കൽ സ്റ്റോറുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഡോ. തോമസ് ഐസക് : സർ, പ്രത്യേക ചോദ്യമായി വന്നാൽ മാത്രമേ ഇതിന് മറുപടിപറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : സർ, കഴിഞ്ഞ ബഡ്ജറ്റിൽ 10 കോടി രൂപ അടയ്ക്കാ കൃഷിക്കാർക്കുള്ള പാക്കേജായി പ്രഖ്യാപിച്ചിരുന്നു. ഇതുവരെയും കൃഷിക്കാർക്ക് അത് കിട്ടിയിട്ടില്ല. ആ തുക നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഡോ. തോമസ് ഐസക് : സർ, അതിന്റെ സ്കീം തയ്യാറാക്കി ജനുവരി മാസം തന്നെ ആ പണം വിതരണം ചെയ്യുന്നതിനുള്ള ഏർപ്പാടുണ്ടാക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശിവദാസൻ നായർ : സർ, കൺസ്യൂമർ ഫെഡറേഷനിൽ വിലനിലവാരം സിവിൽസപ്ലൈസ് കോർപ്പറേഷന് തുല്യമായി വർദ്ധിപ്പിക്കുന്നതിന് ഒരു ഡിസിഷൻ എടുത്തിട്ടുണ്ടോ എന്ന ചോദ്യത്തിന് അങ്ങ് മറുപടി പറഞ്ഞപ്പോൾ സഹകരണ മേഖലയിൽ പണമുള്ളതുകൊണ്ട് അവർക്ക് വില കുറച്ച് കൊടുക്കാം, അത് കുഴപ്പമുണ്ടാക്കുന്നു എന്നുള്ള ധ്വനിയിലാണ് സംസാരിച്ചത്. പക്ഷേ കൺസ്യൂമർ ഫെഡറേഷനിൽ അവരുടെ കച്ചവടത്തിൽ നിന്നുള്ള ലാഭമല്ലാതെ മറ്റു പണമൊന്നുമില്ല. കൺസ്യൂമർ ഫെഡറേഷൻ സ്വതന്ത്രമായ ഒരു സഹകരണ സ്ഥാപനമാണ്. സിവിൽസപ്ലൈസ് കോർപ്പറേഷൻ ഗവൺമെന്റിന്റെ ധനസഹായത്തോടു കൂടിയാണ് പ്രവർത്തിക്കുന്നത്. ഇത് ഗവൺമെന്റ് പറയുന്ന വിലയ്ക്ക് സാധനങ്ങൾ വിൽക്കുന്ന ഒരു സ്ഥാപനമായിട്ടുകൂടി ഗവൺമെന്റിന്റെ ധനസഹായം കാര്യമായി കിട്ടുന്നില്ല. എന്നാൽ ക്യാബിനറ്റിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നിർദ്ദേശപ്രകാരം സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ഉയർന്ന നിലയിലെ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന കൺസ്യൂമർ ഫെഡ്ഡിൽ മാത്രമേ സാധനങ്ങൾ വിൽക്കാവൂ എന്ന ഒരു തീരുമാനം എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് സ്വതന്ത്രമായി പ്രവർത്തിക്കേണ്ട ഈ സഹകരണ സ്ഥാപനത്തിലെ വില നിലവാരം നിയന്ത്രിക്കാൻ ഗവൺമെന്റ് ഇടപെട്ടത്?

ഡോ. തോമസ് ഐസക് : സർ, മാർക്കറ്റ് ഇന്റർവെൻഷന് സർക്കാരിന് പല ഏജൻസികളാണുള്ളത്. ഓരോ ഏജൻസിയും അവരുടേതായിട്ടുള്ള വില നിശ്ചയിക്കുകയും ആ വിടവെല്ലാം സർക്കാർ സബ്സിഡിയായി കൊടുക്കേണ്ടതും നടക്കുന്ന കാര്യമല്ല. അതുകൊണ്ട് സർക്കാർ ഇന്നയിന്ന കാര്യങ്ങൾക്ക് ഇത്ര സബ്സിഡിയുണ്ടാകും എന്ന് പറയും. ഏതെങ്കിലും ഏജൻസി കൂടുതൽ ചെലവ് കുറച്ച് അത് സമാഹരിക്കാൻ കഴിഞ്ഞാൽ വില കുറച്ച് വിൽക്കാൻ പറ്റും. ഏതെങ്കിലും ഏജൻസി സ്വന്തം വരുമാനത്തിൽനിന്ന് കൂടുതൽ പണം സബ്സിഡി നൽകാൻ തയ്യാറുണ്ടെങ്കിൽ അവർക്ക് അതിന്റെ വ്യത്യാസവുമുണ്ടാകും. പക്ഷേ സർക്കാരുമായി ബന്ധപ്പെട്ട ഏജൻസികൾ എന്ന നിലയിൽ ഇതിന് മൊത്തത്തിൽ ഒരു ഏകോപനം കൊണ്ടുവരേണ്ടതുണ്ട്. അതിനെക്കുറിച്ചുള്ള ചില വിവാദങ്ങളും തർക്കങ്ങളും വന്നിട്ടുണ്ട്. അത് സർക്കാർ തലത്തിൽ പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കും.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, സബ്സിഡി കൊടുക്കുന്നത് എല്ലാ വിഭാഗം ആളുകൾക്കും ഒരുപോലെയാണെന്ന് അങ്ങ് പറയുകയുണ്ടായി. കാർഷിക സബ്സിഡിയും ധനസഹായവും എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെയാണ് കൃഷിക്കാരായ ആളുകൾക്ക് കൊടുത്തുകൊണ്ടിരിക്കുന്നത്. പക്ഷേ കന്നുകാലി വളർത്തുന്ന പാൽ ഉൽപ്പാദന കർഷകർക്ക് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന സബ്സിഡി എ.പി.എൽ./ബി.പി.എൽ. വ്യത്യാസമനുസരിച്ചാണ്. ബി.പി.എൽ.-കാർക്കു മാത്രമാണ് ഇപ്പോൾ സബ്സിഡി കിട്ടിക്കൊണ്ടിരിക്കുന്നത്. പാൽ കർഷകരെ സംബന്ധിച്ച് അത് വളരെ പ്രധാനപ്പെട്ട

പ്രശ്നമാണ്. അതുകൊണ്ട് കാർഷിക മേഖലയിലെ കൃഷിക്കാർക്ക് കൊടുക്കുന്നതു പോലെ പാലുൽപ്പാദിപ്പിക്കുന്ന മേഖലയിലെ കൃഷിക്കാർക്കും എ.പി.എൽ./ ബി.പി.എൽ. വ്യത്യാസമില്ലാതെ സബ്സിഡി കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ഡോ. തോമസ് ഐസക് : സർ, അതിന്റെ കണക്കുകൾ പരിശോധിച്ച് എത്രയാണ് അധിക ബാദ്ധ്യത എന്ന് നോക്കിയിട്ടു മാത്രമേ തീരുമാനമെടുക്കാൻ പറ്റുകയുള്ളൂ.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, വിലക്കയറ്റംകൊണ്ട് ജനങ്ങൾ ശ്വാസം മുട്ടുന്നു എന്നുള്ളത് യാഥാർത്ഥ്യമാണ്. ഉൽപ്പാദനം വർദ്ധിച്ചിട്ടും പൂഴ്ത്തിവയ്പ്പാണ് ഇതിനു കാരണം. Total failure on administration, ആ ഉത്തരവാദിത്വമാണ് എന്ന് അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിന് ഗവൺമെന്റിന്റെ ഇടപെടൽ ഉണ്ടാവണം എന്നുള്ളതാണ് അങ്ങയുടെ വാദഗതി തന്നെ സമർത്ഥിക്കുന്നത്. പതിനായിരം വിപണ കേന്ദ്രങ്ങൾ കേരളത്തിലുടനീളം ആരംഭിക്കാൻ സഹകരണ വകുപ്പ് ഒരു പ്രൊപ്പോസൽ കൊടുത്തതിന് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്. അങ്ങയുടെ വാദഗതി അംഗീകരിക്കുമെങ്കിൽ ഈ പതിനായിരം വിപണന കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള ആ പ്രൊപ്പോസലിന് അംഗീകാരം നൽകുമോ ?

ഡോ. തോമസ് ഐസക് : സർ, എത്ര വിപണന കേന്ദ്രം വേണം തുടങ്ങിയ കാര്യങ്ങളൊന്നും ധനകാര്യ വകുപ്പ് തീരുമാനിക്കേണ്ടതല്ല. ധനകാര്യ വകുപ്പ് തീരുമാനിക്കുന്നത് ഈ 12 ഇനങ്ങൾക്ക് ഓരോന്നിനും എത്ര സബ്സിഡി നൽകും എന്നുള്ളതാണ്. അത് എത്ര വിൽക്കുന്നുവോ എന്നുള്ളത് കണക്കാക്കിയാണ് സബ്സിഡി നൽകുന്നത്. വിറ്റതിന്റെ കണക്ക് ആഡിറ്റ് ചെയ്യണ്ടിവരും.

ശ്രീ. കെ. വി അബ്ദുൾ ഖാദർ : സർ, സംസ്ഥാന ഗവൺമെന്റ് രണ്ട് രൂപ നിരക്കിൽ അരി നൽകുന്നത് ജനങ്ങളെ സംബന്ധിച്ച് വളരെ ആശ്വാസകരമായിട്ടുള്ള കാര്യമാണ്. 41 ലക്ഷം കുടംബങ്ങൾക്ക് നൽകും എന്നാണ് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ളത്. ഇപ്പോൾ കണക്ക് വന്നപ്പോൾ 27 ലക്ഷം കുടുംബങ്ങൾക്ക് വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ട്. യു.പി.എ. ഗവൺമെന്റ് 2009-ൽ ഒരു കിലോ അരി 3 രൂപ നിരക്കിൽ നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതിപ്പോൾ നൽകുന്നുണ്ടോ ; അതിന്റെ സ്ഥിതിയെന്താണ് ?

ഡോ. തോമസ് ഐസക് : സർ, കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച സ്കീമുകൾ നടപ്പായിട്ടില്ല. അത്തരത്തിൽ ഒരു സ്കീം നടപ്പാക്കുന്നതിന് ഏതാണ്ട് 50,000 കോടി രൂപ ആവശ്യമായിവരും. അത്രയും പണം നീക്കിവയ്ക്കാൻ കഴിയില്ല എന്ന് പ്ലാനിംഗ് കമ്മീഷൻ പറഞ്ഞിരിക്കുകയാണ്. മൂന്നുരൂപയ്ക്ക് വേണോ, രണ്ടുരൂപയ്ക്കുവേണോ, 35 കിലോ വേണോ, 25 കിലോ വേണോ, ബി.പി.എൽ.-ന് മാത്രമായി പരിമിതപ്പെടുത്തേണ്ടതാണോ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ഇപ്പോഴും ആശയവ്യക്തത വന്നിട്ടില്ല. യഥാർത്ഥ പ്രശ്നം, 50,000 കോടി രൂപ മുടക്കുന്നതിന് ഇപ്പോൾ പണമില്ല എന്നുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. പി. മുഹമ്മദ് : സർ, നെല്ലിന്റെ താങ്ങുവിലയ്ക്ക് 64 കോടി രൂപ നൽകിയെന്ന് അങ്ങ് പറഞ്ഞു. നെല്ലിന്റെ താങ്ങുവിലയിനത്തിൽ ഇപ്പോൾ എത്ര കോടി രൂപ കുടിശ്ശികയുണ്ട്; പാലക്കാട് ജില്ലയിൽ എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഡോ. തോമസ് ഐസക് : സർ, എന്തെങ്കിലും കുടിശ്ശികയുണ്ടെങ്കിൽ അത് ട്രാൻസാക്ഷൻ ഡിലേ മാത്രമാണ്. എത്രയാണെങ്കിലും അത് നൽകും.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, വിലക്കയറ്റം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ തരണം ചെയ്യാൻ ഭക്ഷ്യധാന്യ ഉൽപ്പാദനത്തിൽ വർദ്ധനവുണ്ടാക്കേണ്ടത് അത്യാവശ്യമാണ്. നെല്ലിന്റെ താങ്ങുവില 14 രൂപയായി വർദ്ധിപ്പിക്കുമെന്ന് അങ്ങ് പറയുകയും ചെയ്തു. കുടുംബശ്രീ, അയൽക്കൂട്ടങ്ങളൊക്കെ നെല്ലിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കാനാവശ്യമായിട്ടുള്ള നല്ല ശ്രമം നടത്തുന്നുണ്ട്. ഇപ്പോൾ ചില ജില്ലകളിൽ മാത്രമേ സംഭരണമുള്ളൂ. അതുകൊണ്ട് എല്ലാ ജില്ലകളിലും ഉൽപ്പാദിപ്പിക്കുന്ന നെല്ല് സർക്കാർ സംഭരിക്കാനാവശ്യമായിട്ടുള്ള നടപടി സ്വീകരിക്കുമോ ?

ഡോ. തോമസ് ഐസക് : സർ, ആദ്യം ഇത് ചില ജില്ലകളിൽ മാത്രമായി പരിമിതപ്പെടുത്തിയത് സംഭരണ ഏജൻസിയുടെ പരിമിതി മൂലമാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷന് എല്ലാ ജില്ലകളിൽനിന്നും നെല്ല് ശേഖരിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുന്നത് പ്രയാസവുമാണ്. അതുകൊണ്ട് മാർജിനലായി കൃഷിയിറക്കുന്ന മേഖലകളിൽ നമ്മുടെ സഹകരണ സംഘങ്ങൾ നെല്ല് സംഭരണം ഏറ്റെടുക്കേണ്ടതുണ്ട്. അതിനുവേണ്ടി ഈ വർഷം ആദ്യമായി സഹകരണ മേഖലയ്ക്ക് പണവും അനുവദിച്ചിട്ടുണ്ട്.

ശ്രീ. തോമസ് ചാഴികാടൻ : സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ കൺസ്യൂമർ ഫെഡിന് 62 കോടി രൂപയും സപ്ലൈകോയ്ക്ക് ശരാശരി 171 കോടി രൂപയും വച്ച് കൊടുത്തുവെന്നു പറയുന്നു. എത്രയാണ് കൊടുക്കേണ്ടത് എന്നതിനെ സംബന്ധിച്ച് ആഡിറ്റ് നടത്തിയശേഷം മാത്രമേ കൊടുക്കൂ എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. അവർ ഡിമാന്റ് ചെയ്തിരിക്കുന്നത് എത്രയാണെന്ന് ഇവിടെ അറിയിക്കുമോ ?

ഡോ. തോമസ് ഐസക് : സർ, സപ്ലൈകോയെ സംബന്ധിച്ച് അങ്ങനെയൊരു തർക്കം നിലനിൽക്കുന്നില്ല.. കാരണം സപ്ലൈകോയ്ക്ക് ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന നിശ്ചിത തുകയും അരി വിതരണം ചെയ്യുന്നതിന് വേണ്ടിവരുന്നത് എത്രയാണോ അതുമാണ് നൽകി വരുന്നത്. കൺസ്യൂമർ ഫെഡ്ഡിൽനിന്ന് ഏതാണ്ട് 240 കോടിയോളം രൂപ അവർക്ക് നഷ്ടമുണ്ടെന്നാണ് പറയുന്നത്. ഇത് എന്റെ ഓർമ്മയിൽനിന്ന് പറയുകയാണ്. അത് ആഡിറ്റ് ചെയ്ത് കണക്കു ബോദ്ധ്യപ്പെട്ടാൽ മാത്രമേ പണം നൽകാൻ പറ്റൂ. അതുവരെ അഡ്വാൻസായി പണം നൽകും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, കേരളത്തിൽ രണ്ട് രൂപയ്ക്ക് അരി മഹാഭൂരിപക്ഷം കാർഡുകൾക്കും ഇപ്പോൾ നൽകാൻ തീരുമാനിക്കുകയും 27 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് കൊടുത്ത് തുടങ്ങുകയും ചെയ്തിട്ടുണ്ട്. പക്ഷെ കേരളത്തിന്റെ പ്രത്യേക സാഹചര്യം വച്ച് കേരളത്തിലെ മുഴുവൻ റേഷൻ കാർഡുകൾക്കും രണ്ട് രൂപയ്ക്ക് അരി നൽകുന്നതിനുവേണ്ടിയുള്ള ഒരു പ്രോഗ്രാമിനെക്കുറിച്ച് ആലോചിക്കുമോ ?

ഡോ. തോമസ് ഐസക് : സർ, അത് ഭീമമായിട്ടുള്ള വേസ്റ്റാണ്. കേരളത്തിൽ പകുതി കുടുംബങ്ങളാണ് അരി വാങ്ങാൻ പോകുന്നത്. ബാക്കി വാങ്ങിക്കാത്ത അരിക്ക് രണ്ട് രൂപ സബ്സിഡി എന്തു ന്യായം വച്ചാണ് നമ്മൾ നൽകുക. അതുകൊണ്ട് കേരളത്തിൽ രണ്ടുരൂപയ്ക്ക് അരി ആവശ്യമായിട്ടുള്ള പാവപ്പെട്ട കുടുംബങ്ങൾക്ക്, അത് നാൽപ്പതു ലക്ഷമല്ല, നാൽപ്പത്തിയഞ്ചു ലക്ഷമായാലും അവർക്കെല്ലാം പൂർണ്ണമായി രണ്ട് രൂപയുടെ അരി നൽകാം.

**പാചകവാതക വിതരണം**

4(*154) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. രാജു എബ്രഹാം : സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാചകവാതക വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) പാചക വാതക വിതരണം നിരീക്ഷിക്കുന്നതിന് എൽ.പി.ജി. മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഈ കമ്മിറ്റികൾക്കുള്ള അധികാരങ്ങളും ചുമതലകളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കുന്നതിന് ഓപ്പൺ ഫോറങ്ങൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പാചക വാതക വിതരണം നിരീക്ഷിക്കുന്നതിന് സർക്കാർ തലത്തിൽ മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ ; ഈ കമ്മിറ്റിയുടെ ഘടനയും പ്രവർത്തനവും വിശദമാക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : സർ,

(എ) പാചകവാതക വിതരണം മുടക്കം കൂടാതെ നടക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുവാനായി തൊഴിൽ സമരങ്ങളും ടാങ്കർ ലോറി പണിമുടക്കുകളും ഉണ്ടാകുന്ന സന്ദർഭങ്ങളിൽ സർക്കാർ ഇടപെട്ട് ചർച്ചകൾ നടത്തി പ്രശ്നങ്ങൾ പരിഹരിക്കുന്നുണ്ട്. കൂടാതെ, പൊതുപണിമുടക്ക്, ഹർത്താൽ എന്നിവ ഉണ്ടാകുന്ന സാഹചര്യത്തിൽ പാചകവാതക വിതരണം സുഗമമായി നടക്കുന്നുണ്ട് എന്ന്